പാഠം 3

(കൃപ)

# ഒരു വിശേഷ ദിവസം

*വേദഭാഗം: ഉല്പത്തി 2:1–3, Patriarcs & Prophets pp. 47, 48.*

*മനഃപാഠവാക്യം: "ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു" ഉല്പ. 2:3.*

**സന്ദേശം**

**ദൈവം നമുക്കുവേണ്ടി ശബ്ബത്ത് ഉണ്ടാക്കിയതിനു കാരണം അവൻ നമ്മെ സ്നേഹിക്കുന്നതുകൊണ്ടാണ്.**

***എന്താണ് നിങ്ങൾക്ക് ഏറ്റവും ഇഷ്ടം? ദൈവം നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനും ആസ്വദിക്കുന്നതിനുവേണ്ടി ഒരു വിശേഷ ദിവസം ഉണ്ടാക്കിയിട്ടുണ്ടെന്ന് നിങ്ങൾക്കറിയാമോ?***

ഹവ്വ ഉണർന്ന് ചുറ്റും നോക്കി. ഊഷ്മളമായ സൂര്യൻ ഭൂമിയുടെ അറ്റത്തുനിന്ന് എത്തിനോക്കുന്നതേയുള്ളു. കഴിഞ്ഞ രാത്രിയിൽ സൂര്യൻ സാവകാശം അപ്രത്യക്ഷമാകുന്നത് അവൾ നോക്കിനിന്നു. "രാത്രിയിൽ സൂര്യന് എന്ത് പറ്റുന്നു എന്ന് ദൈവത്തോട് ചോദിക്കണം" എന്നവൾ കരുതികാണും.



ദിവസത്തിന്റെ ശിഷ്ടമുള്ള സമയത്ത് എന്ത് സംഭവിച്ചുകാണും എന്ന് നമുക്കൊന്ന് ഭാവനചെയ്യാം.

ഹവ്വയുടെ തലയ്ക്കു മുകളിൽ കൊമ്പുകൾ ഉരസി. ചുവപ്പും പച്ചയും മഞ്ഞയും നിറങ്ങളുള്ള ഒരു ചെറിയ പക്ഷി അവിടെ ഇരുന്നു. അവൾ കൈ ഉയർത്തി, ആ പക്ഷി താഴേക്ക് പറന്നുവന്ന് അവളുടെ കയ്യിൽ ഇരുന്നു.

ഒരു വലിയ സടയുള്ള സിംഹം മരങ്ങൾക്കിടയിൽ നിന്ന് പുറത്തേക്ക് വന്നു. സംതൃപ്തമായ നിശ്വാസത്തോടെ ആ സിംഹം തറയിൽ നീണ്ടു നിവർന്ന് ഹവ്വയുടെ കാലുകളിലേക്ക് ചാരിയിരുന്നു. ഹവ്വ അവന്റെ രോമ

നിബിഡമായ സടയിൽ തഴുകി. സിംഹം സ്നേഹത്തോടെ കൂടുതൽ അടുത്തേക്ക് ചേർന്നു. ചിത്രശലഭങ്ങൾ പുല്ലിൽ പറന്നുകളിച്ചു. ദൂരത്തെവിടെയോ ആനകൾ ചിന്നം വിളിച്ചു.

ഹവ്വ സാവധാനം ആദാമിന്റെ തോളിൽ തട്ടി. ആദാം കണ്ണുതുറന്ന് ഹവ്വയെ നോക്കി പുഞ്ചിരിച്ചു. അതേ സയമത്ത് അവർ വളരെ അടുത്തായി ഒരു ശബ്ദം കേട്ടു. "അത് ദൈവമാണ്" സന്തോഷത്തോടെ അവർ പറഞ്ഞു. ദൈവം തോട്ടത്തിലേക്ക് വന്നു. ദൈവം ആദാമിനോടും ഹവ്വയോടും ഒപ്പം ഇരുന്നു." നമുക്ക് ഒരു ദിവസം മുഴുവൻ ഒരുമിച്ച് കഴിയാനുണ്ട്" എന്ന് പറഞ്ഞപ്പോൾ അവൻ ആ സിംഹത്തെ തഴുകി. അവൻ ഹവ്വയ്ക്ക് ഒരു വലിയ ഓറഞ്ച് നൽകിയിട്ട് അത് എങ്ങനെ അല്ലി അല്ലിയായി പൊളിച്ചെടുക്കുന്നതെന്ന് കാണിച്ചുകൊടുത്തു. ഹവ്വ ആ ഓറഞ്ച് ആദാമുമായി പങ്കുവെച്ചു. പിന്നീട് അവൾ ആ പുളിയുള്ള അതിന്റെ നീര് രുചിച്ചു.

"വരൂ" ദൈവം പറഞ്ഞു "നമുക്ക് ചുറ്റിനടന്ന് കാണാം." ആദാമിനും ഹവ്വായ്ക്കും മാത്രമായി ദൈവം സൃഷ്ടിച്ച വിശേഷമേറിയ ഏദൻ തോട്ടത്തിലൂടെ അവർ മൂവരും നടന്നു. ദൈവം ഒരു ഓർക്കിഡ് പൂ പറിച്ച് ഹവ്വാക്ക് കൊടുത്തു. വളരെ നീളമുള്ള ഒരു വള്ളിയിൽനിന്ന് അവൻ ഏതോ ഫലങ്ങൾ പറിച്ചു, "ഈ മുന്തിരികൾ നിങ്ങൾക്ക് ഇഷ്ടപ്പെടും" അവൻ പറഞ്ഞു.

അലച്ചുകുത്തിപായുന്ന നദി കാണുന്നതിനു മുമ്പേ ആദാമും ഹവ്വയും ആ നദിയുടെ ശബ്ദം കേട്ടു. അതിരാവിലെയുള്ള സൂര്യപ്രകാശത്തിൽ ആ വെള്ളം ചെറിയ വജ്രങ്ങൾപോലെ തിളങ്ങി. ആ നദി തോട്ടത്തിനു പുറത്തേക്ക് ഒഴുകിയപ്പോൾ, അത് 4 ചെറിയ നദികളായി പിരിഞ്ഞു. ഹവ്വ കണ്ണെത്താവുന്ന ദൂരത്തോളം നോക്കി ഈ നദികളെല്ലാം എവിടെയാണ് പോകുന്നതെന്ന് ആശ്ചര്യപ്പെട്ടു.

ദൈവം ആ ദിവസം മുഴുവൻ അവരോടൊപ്പം ചിലവഴിച്ചു. ആദാമും ഹൗവ്വയും പുതിയ ആഹാരങ്ങൾ രുചിച്ചു. അവർ പുൽമേടുകളിൽ ചാടുകയും ഓടുകയും ചെയ്തു. അവർ ദൂതന്മാരോടൊത്തുചേർന്ന് ദൈവത്തിന് സ്തുതിഗീതങ്ങൾ പാടി. "ഞാൻ ഈ ദിവസത്തെ അനുഗ്രഹിച്ച് ശുദ്ധീകരിക്കാൻ പോകുകയാണ്," അവർ ഒരുമിച്ച് ആ ദിനം ആസ്വദിച്ചപ്പോൾ ദൈവം വിശദീകരിച്ചു, കാരണം ഞാൻ ഈ പുതിയ ഭൂമി ഉണ്ടാക്കിയതിൽ നിന്ന് വിശ്രമിക്കുകയാണ്. എല്ലാ ഏഴാം ദിവസവും ശബ്ബത്തായിരിക്കും. അത് നമുക്ക് ഒരുമിച്ച് ചിലവഴിക്കാനുള്ള പ്രത്യേക ദിവസമായിരിക്കും.

സന്ധ്യയായി ഉഷസ്സുമായി ഭൂമിയുടെ ഏഴാം ദിവസം. യേശുവിന്റെ അതിശയകരമായ ലോകത്തിന്റ ആദ്യ ആഴ്ചയുടെ അവസാനമായിരുന്നു അത്. അതായിരുന്നു ആദ്യത്തെ ശബ്ബത്ത്.

കൂടാതെ ഇന്നും എല്ലാ ഏഴാം ദിവസവും ശബ്ബത്ത് നമ്മിലേക്ക് എത്തിച്ചേരുന്നു. അത് ദൈവവുമായ ആയിരിക്കാനുള്ള പ്രത്യേക സമയമാണ്, അവൻ നമുക്കായി ഉണ്ടാക്കിയതെല്ലാം ആസ്വദിക്കാനുള്ള ദിവസം.

## ചെയ്യുക പറയുക

**ശബ്ബത്ത്**

ഒത്തൊരുമിച്ച് ഉല്പത്തി 2:1-3 വായിക്കുക. ശബ്ബത്ത് സ്കൂളിൽ പഠിച്ച ആംഗ്യങ്ങൾ ഉപയോഗിച്ച് മനഃപാഠവാക്യം പറയുവാൻ കുട്ടിയെ സഹായിക്കുക. ശബ്ബത്ത് സ്കൂളിലുണ്ടാക്കിയ ക്ഷണക്കത്ത് ഒരു സുഹൃത്തിന് നൽകുവാൻ കുട്ടിയെ സഹായിക്കുക.

**ഞായർ**

ഒരു ഏഴുദിന കലണ്ടർ ഉണ്ടാക്കുക. ഓരോ ദിവസവും ആ കലണ്ടറിൽ അതാത് ദിവസം ദൈവമുണ്ടാക്കിയ ഒരു സാധനത്തിന്റെ ചിത്രം വരയ്ക്കാൻ കുട്ടിയെ സഹായിക്കുക. ഒന്നാം ദിവസം ഞായറാഴ്ച ദൈവം ഇരുട്ടും വെളിച്ചവും ഉണ്ടാക്കി. വെളിച്ചത്തിനായി ദൈവത്തിന് നന്ദി പറയുക. ആംഗ്യങ്ങൾ ഉപയോഗിച്ച് മനഃപാഠവാക്യം പറയുക.

**തിങ്കൾ**

പാഠത്തിന്റെ കഥ ഒരുമിച്ച് വായിക്കുക, പിന്നീട് കലണ്ടറിലെ സ്ഥലം പൂർത്തീകരിക്കുക. ഈ ദിവസം ദൈവം അന്തരീക്ഷവും വെള്ളവും ഉണ്ടാക്കി. പുറത്തുപോയി കുറച്ച് ദീർഘനിശ്വാസമെടുക്കുക. ഓരോ പ്രാവശ്യവും ഇന്നത്തെ ദിവസം വെള്ളം കുടിക്കുമ്പോൾ ദൈവത്തിന് നന്ദി പറയുക. മനഃപാഠവാക്യം ആവർത്തിക്കുക. നിങ്ങൾ അത് ഒരുമിച്ച് പറയുമ്പോൾ ദീർഘ നിശ്വാസങ്ങൾ എടുക്കുക.

**ചൊവ്വ**

ശബ്ബത്തിലേക്ക് ക്ഷണിക്കാൻ ഒരു സുഹൃത്തിനെ തിരഞ്ഞെടുക്കുവാൻ കുട്ടിയെ സഹായിക്കുക. ഇന്നത്തെ കലണ്ടറിലെ സ്ഥലം പൂരിപ്പിക്കാൻ കുട്ടിയെ സഹായിക്കുക. ഇന്നത്തെ ദിവസം ദൈവം നിലവും ചെടികളുമുണ്ടാക്കി, ദൈവമുണ്ടാക്കിയ ചില ചെടികൾ നോക്കുക. ആംഗ്യങ്ങൾ ഉപയോഗിച്ച് മനഃപാഠവാക്യം പറയുക. അത് കുടുംബവുമായി പങ്കുവെക്കുക.

**ബുധൻ**

സൂര്യപ്രകാശം ആസ്വദിക്കുവാൻ പുറത്ത് പോകുക. ഇന്നുരാത്രി ചന്ദ്രനും നക്ഷത്രങ്ങളും ആസ്വദിക്കുവാൻ പുറത്ത് പോകുക. ഈ വെളിച്ചങ്ങൾക്കായി ദൈവത്തിന് നന്ദി പറയുക. മനഃപാഠവാക്യം ചേർന്ന് പറയുക.

ബുധനാഴ്ചത്തെ കലണ്ടർ സ്ഥലം പൂർത്തിയാക്കുക. ഈ ദിവസം ദൈവം സൂര്യനെയും ചന്ദ്രനെയും ഉണ്ടാക്കി. അവൻ നക്ഷത്രങ്ങളെയും ഉണ്ടാക്കി.

**വ്യാഴം**

വ്യാഴ്ചത്തെ കലണ്ടർ സ്ഥലം പൂർത്തിയാക്കുക. ഈ ദിവസം ദൈവം പക്ഷികളേയും മീനുകളെയും ഉണ്ടാക്കി. മനഃപാഠവാക്യം ഒരുമിച്ച് പറയുക. പക്ഷികളും മീനുകളും ഉണ്ടാക്കിയതിനായി ദൈവത്തിന് നന്ദി പറയുക.

**വെള്ളി**

വെള്ളിയാഴ്ചയിലെ കലണ്ടർ സ്ഥലം പൂരിപ്പിക്കുക. ഈ ദിവസം ദൈവം മൃഗങ്ങളെയും മനുഷ്യരെയും ഉണ്ടാക്കി. ഇഷ്ടപ്പെട്ട ഒരു മൃഗത്തെ കുട്ടി അനുകരിക്കട്ടെ. ദൈവം സൃഷ്ടിച്ച കാര്യങ്ങൾ നാളെ ആസ്വദിക്കാനായി പദ്ധതിയിടുക.

"ശബ്ദത്തിന് സംബന്ധിക്കുന്ന ഒരു പാട്ട് പാടുക. അവൻ ഉണ്ടാക്കിയ സകലതിനും വിശേഷിച്ച് ശബ്ദത്തിനുമായി ദൈവത്തിന് നന്ദി പറയുക.